"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

മത്സ്യബന്ധന വകുപ്പ് - നിലവിൽ ചെമ്മീൻ/മത്സ്യ വാറ്റ് നടത്തുന്ന പാടശേഖരങ്ങളിലെ ഫിൽട്രേഷൻ കാലയളവ് 2023 ഏപ്രിൽ 30 വരെ നീട്ടി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്**

സ.ഉ.(സാധാ) നം.311/2023/F&P തീയതി, തിരുവനന്തപുരം, 13-04-2023

---

പരാമർശം:-
1. സ.ഉ. (സാധാ) നം. 202/2020/മ.തു.വ. തീയതി 31.03.2020.
2. സ.ഉ. (സാധാ) നം. 238/2022/മ.തു.വ. തീയതി 11.04.2022.
3. ഫിഷറീസ് ഡയറക്ടറുടെ 1/4/2023-ലെ ഡി.എഫ്.ടി.വി.എം./899/2023/സി1 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കാലാവസ്ഥാ വ്യതിയാനവും വെള്ളത്തിൽ ഉപ്പിന്റെ അംശത്തിലുള്ള വ്യതിയാനവും മൂലവും, മൽസ്യ /ചെമ്മീൻ ഇനങ്ങളുടെ പ്രജനനത്തിലുള്ള വ്യതിയാനം മൂലവും 2023 ജനുവരി അവസാനത്തോടെയാണ് ജലാശയങ്ങളിൽ മൽസ്യ /ചെമ്മീൻ വിത്ത് ലഭ്യമായതെന്നും ഇവ പൂർണ്ണവളർച്ചയെത്തുവാൻ 2 മാസം സമയമെടുക്കുമെന്നും ആയതിനാൽ ചെമ്മീൻ വാറ്റ് കാലാവധി ഏപ്രിൽ 15 എന്നത് ഒരു മാസത്തേക്കെങ്കിലും നീട്ടിനൽകണമെന്നും, പാടശേഖരങ്ങളിൽ വെള്ളം കയറ്റിയിറക്ക് സമ്പ്രദായത്തിലൂടെ ചെമ്മീൻ / മത്സ്യ വാറ്റ് നടത്തുന്ന പാടശേഖര മത്സ്യകർഷകർ അപേക്ഷിച്ചിട്ടുള്ളതായും ആയതിനാൽ പാടശേഖരങ്ങളിലെ ഫിൽട്രേഷൻ കാലയളവ് 2023 ഏപ്രിൽ 30 വരെ നീട്ടി ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഫിഷറീസ് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാലാവസ്ഥാ മാറ്റങ്ങൾ മൂലം മത്സ്യങ്ങളുടെ പ്രജനനത്തിൽ മാറ്റങ്ങൾ സംഭവിക്കുന്നതിനാലും മുൻ വർഷങ്ങളിലും ഇത്തരം സാഹചര്യങ്ങൾ ഉണ്ടാവുകയും മൽസ്യകർഷകർക്ക് അനുകൂലമായ നടപടി ഉണ്ടാവുകയും ചെയ്തിട്ടുള്ളത് പരിഗണിച്ചും നിലവിലുള്ള ചെമ്മീൻ / മത്സ്യ വാറ്റ് നടത്തുന്ന പാടശേഖരങ്ങളിലെ ഫിൽട്രേഷൻ കാലയളവ് 2023 ഏപ്രിൽ 30 വരെ നീട്ടി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ടി എസ് പ്രവീൺ കുമാർ
ഡെപ്യൂട്ടിസെക്രട്ടറി

ഫിഷറീസ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ഓഡിറ്റ് ), കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് (വെബ് ആൻറ് ന്യൂ മീഡിയ) വകുപ്പ് (

സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ